# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2877 — 12.10.2011-ൽ മറുപടിയ്ക്ക്

## പച്ചക്കറിയുടെ വില വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ. ടി. ജോർജ് | ശ്രീ . കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |

(എ) പച്ചക്കറിയുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(എ) കാലാകാലങ്ങളിൽ പച്ചക്കറിയുടെ വില ക്രമാതീതമായി ഉയരുമ്പോൾ കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ. ഹോർട്ടികോർപ്പ് എന്നിവർ വിപണിയിൽ ഇടപ്പെട്ട് 10% മുതൽ 30% വരെ വില കുറച്ച വില്പന നടത്താറുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ ഫോർപ്രൈസ് സ്റ്റബിലൈസേഷൻ എന്ന പദ്ധതി പ്രകാരം ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ 350 ലക്ഷം രൂപ ഇതിന് വേണ്ടി അനുവദിച്ചിട്ടുണ്ട്. ഈ ഓണക്കാലത്ത് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ , വെജിറ്റബിൾ ആൻഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നി എജൻസി കളുടെ സഹകരണ ത്തോടെ വിപണിഇടപെടൽ, നടത്തുകയുണ്ടായി. പച്ചക്കറി വില നിയന്ത്രിക്കുവാൻ ഈ വിപണി ഇടപെടൽ മൂലം സാധിച്ചിട്ടുണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള പച്ചക്കറി സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്നതിനെക്കുറിച്ചു എന്തു നടപടിയാണ് സ്വീകരിക്കു ന്നത്;

(ബി) ഇവിടെ ലഭ്യമല്ലാത്ത പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് എത്തുന്നത്. ഇതിന് പ്രത്യേകിച്ച് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

വ്യാപിപ്പിക്കുന്നതിനായി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 2 ലക്ഷം വിത്തുകിറ്റുകളും ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി വിത്തു വളം- കാർഷികോപകരണം എന്നിവയടങ്ങിയ 75000 കിറ്റുകളും സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ ഓരോ വീടുകളിലും പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് 2 സെന്റ് വീതമുള്ള 2000 അടുക്കളത്തോട്ടങ്ങൾ 75 ശതമാനം സബ്സിഡി നിരക്കിൽ 225 രൂപ വീതം നൽകിക്കൊണ്ട് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നുണ്ട് അതു പോലെ തിരുവനന്തപുരം ജില്ലയിൽ നഗരത്തിലെ 15000 വീടുകളിൽ മട്ടുപ്പാവിലെ പച്ചക്കറികൃഷി പദ്ധതിയ്ക്ക് തുടക്കമിട്ടിട്ടുണ്ട്.

R. A. Bdisa

സെക്ഷൻ ഓഫീസർ